# കേരള വ്യവസായ നയം 2023

## 2023 മാർച്ച് 29 ന് മന്ത്രിസഭായോഗം അംഗീകരിച്ച വ്യവസായ നയത്തിന്റെ പ്രസക്ത ഭാഗങ്ങൾ

# ഉള്ളടക്കം

1. നയലക്ഷ്യങ്ങൾ
2. നയ മേഖലകൾ
3. മുൻഗണനാ മേഖലകൾ
4. ഇൻസെന്റീവുകൾ

# 1. നയലക്ഷ്യങ്ങൾ

- **ഉത്തരവാദിത്ത നിക്ഷേപ**മെന്ന കാഴ്ചപ്പാടിലൂടെ കൂടുതൽ നിക്ഷേപം ആകർഷിക്കുക, അതുവഴി കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
- ഇന്ത്യയിലെ **ഇ.എസ്.ജി (എൻവിറോൺമെന്റ് സോഷ്യൽ ആന്റ് കോർപ്പറേറ്റ് ഗവേണൻസ്)** നിക്ഷേപത്തിന്റെ ലക്ഷ്യസ്ഥാനമായി കേരളത്തെ വികസിപ്പിക്കുക
- യുവതീയുവാക്കളുടെ **സംരഭക മികവിനെ പരിപോഷിപ്പിക്കുക**
- **വ്യവസായ വിപ്ലവം 4.0**ന് അനുസൃതമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുക

# 1. നയലക്ഷ്യങ്ങൾ

- **പൊതുമേഖലാ വ്യവസായങ്ങളെ ശക്തിപ്പെടുത്തി** മത്സരക്ഷമമാക്കുക, ഉൽപ്പാദന മേഖലകളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുക
- നവീനവും **വളർച്ചാ സാധ്യതയുള്ളതുമായ മേഖലകളിലേക്ക്** ബൃഹത്തായ മൂലധന **നിക്ഷേപം ആകർഷിക്കുക**
- വ്യവസായ രംഗത്തെ **അടിസ്ഥാനസൗകര്യ വികസനത്തിൽ** സ്വകാര്യമേഖലയുടെ **നിക്ഷേപം പരമാവധി ആകർഷിക്കുക**
- സംരംഭക സഹായകമായ **വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുക**

# 2. ഏഴ് സുപ്രധാന നയ മേഖലകൾ

1. സംരംഭകത്വ പ്രോത്സാഹനം
2. അടിസ്ഥാന സൗകര്യമൊരുക്കൽ
3. ഹൈടെക് സാങ്കേതികവിദ്യയിലേക്കുള്ള മാറ്റം
4. നൈപുണ്യ വികസനം
5. വ്യവസായ സൗഹൃദ അന്തരീക്ഷം
6. കേരളം എന്ന ബ്രാൻഡിനെ വളർത്തുക
7. മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവത്കരണം

# 3. മുൻഗണനാ മേഖലകൾ

1. എയ്റോസ്പേസ് & ഡിഫൻസ്
2. നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക്ത്രൂ സാങ്കേതിക വിദ്യകൾ
3. ആയുർവേദം
4. ബയോടെക്നോളജി & ലൈഫ് സയൻസസ്
5. രൂപകൽപ്പന
6. ഇലക്ട്രിക് വാഹനങ്ങൾ
7. ഇലക്ട്രോണിക് സിസ്റ്റം രൂപകൽപ്പനയും ഉൽപ്പാദനവും
8. എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും
9. ഭക്ഷ്യ സാങ്കേതികവിദ്യകൾ
10. ഗ്രാഫീൻ
11. ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങൾ

# 3. മുൻഗണനാ മേഖലകൾ

12. ഹൈടെക് ഫാമിംഗും മൂല്യവർദ്ധിത തോട്ടവിളയും
13. ലോജിസ്റ്റിക്സ് & പാക്കേജിംഗ്
14. മാരിടൈം മേഖല
15. മെഡിക്കൽ ഉപകരണങ്ങൾ
16. നാനോ ടെക്നോളജി
17. ഫാർമസ്യൂട്ടിക്കൽസ്
18. റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും
19. പുനരുപയോഗ ഊർജ്ജം
20. ചില്ലറ വ്യാപാര മേഖല
21. വിനോദസഞ്ചാരവും ആതിഥേയത്വവും
22. 3D പ്രിൻറിംഗ്

# 4. ഇൻസെന്റീവുകൾ

മുൻഗണനാ മേഖലകളിൽപ്പെടുന്ന സംരംഭങ്ങൾക്കായി വ്യവസായ നയത്തിൽ 18 വിവിധ ഇൻസെന്റീവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്

# 4. ഇൻസെന്റീവുകൾ

| നം | ഇൻസെന്റീവ് കാറ്റഗറി | വ്യവസായ ശ്രേണി | വിവരണം |
|---|---|---|---|
| 1 | കുറഞ്ഞ പലിശാ വായ്പകൾ | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭം | 4% പലിശയ്ക്ക് പത്ത് ലക്ഷം രൂപവരെയുള്ള വായ്പകൾ (6% വരെയുള്ള പലിശ സബ്‌വെൻഷനിലൂടെ) |
| 2 | മൂലധന സബ്സിഡി ഇൻസെൻറീവ് | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭം | • മൈക്രോ: 45% വരെ, പരമാവധി നാല്പതു ലക്ഷം രൂപവരെ.<br>• ചെറുകിട: 45% വരെ, പരമാവധി ഒരു കോടി രൂപവരെ.<br>• ഇടത്തരം: 45% വരെ, പരമാവധി രണ്ടു കോടി രൂപവരെ. |
| 3 | ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒഴിവാക്കൽ | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭം | 100% ഇളവ്; 5 വർഷത്തേക്ക് |

# 4. ഇൻസെന്റീവുകൾ

| നം | ഇൻസെന്റീവ് കാറ്റഗറി | വ്യവസായ ശ്രേണി | വിവരണം |
|---|---|---|---|
| 4 | ഐ.പി.ഓ വഴിയുള്ള ധന സമാഹാരണത്തിന് | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭം | NSE, BSE എന്നിവയുടെ SME പ്ലാറ്റ്ഫോം മുഖേന പബ്ലിക് ഇഷ്യു നടത്തുന്നതിന് ചെലവായ തുകയുടെ 50% റീഇംബേഴ്സ്മെന്റ്; പരമാവധി ഒരു കോടി രൂപവരെ. (ഈ വിധം സമാഹരിക്കുന്ന ഫണ്ട് സംസ്ഥാനത്ത് സംരംഭം തുടങ്ങുന്നതിനോ വികസിപ്പിക്കുന്നതിനോ വിനിയോഗിച്ചാൽ മാത്രം) |
| 5 | നിക്ഷേപ സബ്സിഡി | വൻകിട, മെഗാ സംരംഭങ്ങൾ | സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% നിക്ഷേപ സബ്സിഡി; പരമാവധി 10 കോടി രൂപ വരെ, ഘട്ടം ഘട്ടമായി. |
| 6 | എസ്.ജി.എസ്.റ്റി റീഇംബേഴ്സ്മെൻറ് | വൻകിട, മെഗാ സംരംഭങ്ങൾ | മൂലധന നിക്ഷേപത്തിന് 100% റീഇംബേഴ്സ്മെൻറ്; 5 വർഷത്തേക്ക്. |

# 4. ഇൻസെന്റീവുകൾ

| നം | ഇൻസെന്റീവ് കാറ്റഗറി | വ്യവസായ ശ്രേണി | വിവരണം |
|---|---|---|---|
| 7 | തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം | വൻകിട, മെഗാ സംരംഭങ്ങൾ | • 50%-ത്തിലധികം സ്ഥിരം തൊഴിലവസരങ്ങൾ പ്രാദേശിക ജനതയിൽ നിന്നും നികത്തപ്പെട്ടാൽ, അപ്രകാരം അധികമായി സൃഷ്ടിക്കപ്പെട്ട ഓരോ തൊഴിലിന്റെയും മാസ വേതനത്തിന്റെ 25%, പരമാവധി ഒരാൾക്ക് മാസം 5000 രൂപ എന്ന തോതിൽ, ഒരു വർഷത്തേക്ക് തൊഴിലുടമയ്ക്ക് റീഇമ്പേഴ്സ്മെന്റ്.<br>• 50%-ത്തിലധികം സ്ഥിരം ജീവനക്കാരും വനിതകളായാൽ, അപ്രകാരം അധികമായി സൃഷ്ടിക്കപ്പെട്ട ഓരോ തൊഴിലിന്റെയും മാസ വേതനത്തിന്റെ 25%, പരമാവധി ഒരു വനിതാ ജീവനക്കാരിക്ക് മാസം 5000 രൂപ എന്ന തോതിൽ ഒരു വർഷത്തേക്ക് തൊഴിലുടമയ്ക്ക് റീ-ഇമ്പേഴ്സ്മെന്റ്.<br>• സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപെട്ടവർക്ക് സ്ഥിരം തൊഴിൽ നൽകിയാൽ, ഒരു ട്രാൻസ്ജെൻഡർ തൊഴിലാളിക്ക് മാസം 7500 രൂപ എന്ന തോതിൽ ഒരു വർഷത്തേക്ക് തൊഴിലുടമയ്ക്ക് റീ-ഇമ്പേഴ്സ്മെന്റ്. |

# 4. ഇൻസെന്റീവുകൾ

| നം | ഇൻസെന്റീവ് കാറ്റഗറി | വ്യവസായ ശ്രേണി | വിവരണം |
|---|---|---|---|
| 8 | നിർമ്മാണ യൂണിറ്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും ഒഴിവാക്കൽ | എല്ലാ വിഭാഗങ്ങൾക്കും | • സർക്കാർ വ്യവസായ പാർക്കുകളിലും വിജ്ഞാപനം ചെയ്യപ്പെട്ട സ്വകാര്യ വ്യവസായ പാർക്കുകളിലും നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് പാട്ടക്കരാർ/ ഭൂമി/ കെട്ടിടം വാങ്ങുമ്പോൾ 100% വരെ.<br>• സ്ത്രീകൾ, എസ് സി/ എസ് ടി, ഭിന്നശേഷി, ട്രാൻസ്ജെൻഡർ സംരംഭകർക്ക് സംസ്ഥാനത്ത് എവിടെയും നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് പാട്ടക്കരാർ/ ഭൂമി/ കെട്ടിടം വാങ്ങുമ്പോൾ 100% വരെ. |
| 9 | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ | എല്ലാ വിഭാഗങ്ങൾക്കും | അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി രൂപ വരെ ധനസഹായം. |
| 10 | വ്യാപാരമേളകളിൽ പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനം | എല്ലാ വിഭാഗങ്ങൾക്കും | പ്രതിവർഷം ഒരു ആഭ്യന്തരവും, ഒരു അന്താരാഷ്ട്രവുമായ മേള/ പ്രദർശനത്തിൽ പങ്കെടുക്കുമ്പോൾ സ്റ്റാൾ ചാർജ് ഇനത്തിൽ ചിലവാകുന്ന തുകയുടെ 100% റീഇംബേഴ്സ്മെൻറ്; പരമാവധി 5 ലക്ഷം രൂപവരെ. |

# 4. ഇൻസെന്റീവുകൾ

| നം | ഇൻസെന്റീവ് കാറ്റഗറി | വ്യവസായ ശ്രേണി | വിവരണം |
|---|---|---|---|
| 11 | ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിന് | എല്ലാ വിഭാഗങ്ങൾക്കും | പേറ്റന്റ്, പകർപ്പവകാശം, വ്യാപാരമുദ്രകൾ, ജി.ഐ രജിസ്ട്രേഷൻ മുതലായവയ്ക്ക് ചിലവായ തുകയുടെ 50% റീഇംബേഴ്സ്മെന്റ്; പരമാവധി 30 ലക്ഷം രൂപവരെ. |
| 12 | ഗുണനിലവാര സർട്ടിഫിക്കേഷൻ എടുക്കുന്നതിന് പ്രോത്സാഹനം | എല്ലാ വിഭാഗങ്ങൾക്കും | സിഇ, എഫ്ഡിഎ, ഐഎസ്ഒ, ബിഐഎസ്, തുടങ്ങിയ നിർബന്ധിത അടയാളപ്പെടുത്തലുകൾക്കായി ചെലവഴിച്ച തുകയുടെ 50% റീഫണ്ട്; ഒരു യൂണിറ്റിന് പ്രതിവർഷം പരമാവധി 25 ലക്ഷം രൂപവരെ. |
| 13 | സുസ്ഥിരതയ്ക്കും ഉത്തരവാദിത്ത വ്യവസായവൽക്കരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ | എല്ലാ വിഭാഗങ്ങൾക്കും | പ്ലാന്റ് & മെഷിനറി/ ഇടിപി സജ്ജീകരിക്കുന്നതിനുള്ള ഉപകരണങ്ങൾ, ഗ്രിഡിൽ നിന്നും വൈദ്യുതിയെടുക്കുന്നതിന് ബദലായി സ്ഥാപിക്കുന്ന ഇൻസ്റ്റലേഷനുകൾ, മഴവെള്ള സംഭരണം, സീറോ ഡിസ്ചാർജ് സാങ്കേതികവിദ്യകൾ, ഇ-മാലിന്യങ്ങളുടെ പുനരുപയോഗം, മലിനജലത്തിന്റെ പുനരു പയോഗം, ഊർജ്ജ-ജല സംരക്ഷണത്തിന് ഓഡിറ്റ് നടത്തൽ, സംരക്ഷണത്തിന് വേണ്ട ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്ക് ചിലവഴിച്ച തുകയുടെ (സിവിൽ ചെലവുകൾ ഒഴികെയുള്ളവയുടെ) 25% റീഇംബേഴ്സ്മെന്റ്; പോളിസി കാലയളവിൽ പരമാവധി 25 ലക്ഷം രൂപവരെ. |

# 4. ഇൻസെന്റീവുകൾ

| നം | ഇൻസെന്റീവ് കാറ്റഗറി | വ്യവസായ ശ്രേണി | വിവരണം |
|---|---|---|---|
| 14 | നിർമ്മാണ മേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്ക് | എല്ലാ വിഭാഗങ്ങൾക്കും | സോഫ്റ്റ് വെയർ (ബിഗ് ഡാറ്റ അനലിറ്റിക് ടൂൾസ്), മെഷിനറി മുതലായവയുടെ വിലയുടെ 20% റീഇംബേഴ്സ്മെന്റ്; പോളിസി കാലയളവിൽ ഒരു സംരംഭത്തിന് പരമാവധി 25 ലക്ഷം രൂപവരെ. |
| 15 | ഗവേഷണവികസന പ്രോത്സാഹനം | എല്ലാ വിഭാഗങ്ങൾക്കും | സംസ്ഥാനത്തെ സർവ്വകലാശാലകളുമായി ഗവേഷണവികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾക്ക് ഗവേഷണവികസന ചെലവിന്റെ 20% ധനസഹായം; ഒരു സംരംഭത്തിന് പരമാവധി ഒരു കോടി രൂപവരെ. |
| 16 | സ്റ്റാർട്ടപ്പുകൾക്കായുള്ള സ്കെയിൽ അപ്പ് പ്രോത്സാഹനം | എല്ലാ വിഭാഗങ്ങൾക്കും | സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് കെ.എസ്.ഐ.ഡി.സിയിലൂടെ ഒരു കോടി രൂപവരെയുള്ള സ്കെയിൽഅപ്പ് വായ്പകൾ ലഭ്യമാക്കും. |

# 4. ഇൻസെന്റീവുകൾ

| നം | ഇൻസെന്റീവ് കാറ്റഗറി | വ്യവസായ ശ്രേണി | വിവരണം |
|---|---|---|---|
| 17 | മെയ്ഡ് ഇൻ കേരള (ബ്രാൻഡിംഗം മാർക്കറ്റിംഗം) | എല്ലാ വിഭാഗങ്ങൾക്കും | 'മെയ്ഡ് ഇൻ കേരള' സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ചെലവായ തുകയുടെ 50% റീഇംബേഴ്സ്മെൻറ്. |
| 18 | PLI (Production Linked Incentive) നിക്ഷേപകരെ ആകർഷിക്കുന്നതിന് പ്രത്യേക പാക്കേജ് | നിർമ്മാണ മേഖലയിലെ എല്ലാ വിഭാഗങ്ങൾക്കും | കേന്ദ്ര സർക്കാരിന്റെ PLI സ്കീമുകൾക്ക് കീഴിൽ ഷോർട്ട്ലിസ്റ്റ് ചെയ്ത നിക്ഷേപകർ സംസ്ഥാനത്ത് തുടങ്ങുന്ന വ്യവസായ യൂണിറ്റുകൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20%, പരമാവധി 1 കോടി രൂപവരെ ഒറ്റത്തവണ ടോപ്പ്-അപ്പ് ഇൻസൻറ്റീവ് നൽകുന്നതാണ്. പ്രസ്തുത സംരംഭങ്ങൾക്ക് അർഹമായ മറ്റ സബ്സിഡികൾ കൂടാതെയാണ് ഇപ്രകാരമുള്ള ടോപ്പ്-അപ്പ് ഇൻസൻറ്റീവ്. |

# നന്ദി